# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.241/PR/PIC/PHQ/18 Date : 27.09.2018

## സംസ്ഥാനത്ത് 49 ടൂറിസ്റ്റ് സുരക്ഷാസഹായകകേന്ദ്രങ്ങൾ രൂപീകരിച്ചു

ടൂറിസം മേഖലയിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 49 ടൂറിസ്റ്റ് സുരക്ഷാസഹായകകേന്ദ്രങ്ങൾക്ക് രൂപം നൽകിയതായി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. ആറ് കേന്ദ്രങ്ങൾ കൂടി ഉടൻ നിലവിൽ വരും.

ടൂറിസം പോലീസിന്റെയും ലോക്കൽ പോലീസിന്റെയും സഹകരണത്തോടെയാകും സഹായകകേന്ദ്രങ്ങൾ പ്രവർത്തിക്കുകയെന്ന് പോലീസ് മേധാവി പറഞ്ഞു. ലോക ടൂറിസം ദിനമായ ഇന്നു(27.09.18) മുതൽ അടുത്ത ലോക ടൂറിസം ദിനം വരെയുള്ള ഒരു വർഷം വിനോദ സഞ്ചാരികളുടെ സുരക്ഷ ലക്ഷ്യമാക്കി വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി ടൂറിസം സുരക്ഷാമേഖലയിൽ പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കായി മൊബൈൽ ആപ്പ് പുറത്തിറക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുവഴി വിനോദ സഞ്ചാരികൾക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകാൻ ടൂറിസം പോലീസിനു കഴിയും. കൂടാതെ വിവിധ വിദേശ ഭാഷകളിൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന വാക്കുകളുടെ അർത്ഥം മനസ്സിലാക്കാൻ ഈ ആപ്പ് സഹായിക്കും.

വിദേശ വിനോദ സഞ്ചാരികൾക്ക് എന്നപോലെ രാജ്യത്തിനകത്തു നിന്നുള്ള വിനോദ സഞ്ചാരികൾക്കും ടൂറിസം പോലീസിന്റെ സേവനം ലഭ്യമാക്കും. ഹിന്ദി ഉൾപ്പെടെയുള്ള ഇന്ത്യൻ ഭാഷകളിൽ ടൂറിസം പോലീസിന് പരിശീലനം നൽകും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പോലീസ് മ്യൂസിയങ്ങൾ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി പ്രത്യാശ പ്രകടിപ്പിച്ചു. ടൂറിസം മേഖലയിലെ സുരക്ഷ വർദ്ധിപ്പിച്ച് കേരളം വിനോദ സഞ്ചാരികൾക്ക് തികച്ചും സുരക്ഷിതമായ സംസ്ഥാനമാണെന്ന സന്ദേശം നൽകാനാണ് കേരള പോലീസ് ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം അറിയിച്ചു.